(ബി) ബാധകമല്ല.

(സി) താമസിച്ചു ലഭിക്കുന്ന കേന്ദ്ര അംഗീകാരവും റിലീസുംമൂലം അനുവദിക്കുന്ന തുക മുഴുവനായും ചെലവാക്കാൻ സാധിക്കാത്ത ഒറ്റപ്പെട്ട അവസരങ്ങളുണ്ടായിട്ടുണ്ട്.

(ഡി) സർക്കാർ തലത്തിൽ എല്ലാമാസവും പദ്ധതികളുടെ വിശദമായ വിലയിരുത്തൽ നടത്തുന്നുണ്ട്. മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഇതു കൂടാതെ ഡൽഹിയിലെ റസിഡന്റ് കമ്മീഷണർ സ്ഥിരമായി കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ എടുക്കുന്നുണ്ട്.

പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് വേണ്ടി ശുപാർശ ചെയ്ത കാര്യങ്ങൾ

28 [3721] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് വേണ്ടി ശുപാർശ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശുപാർശകൾ കേരളത്തിന്റെ വികസനത്തിന് പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കേരളത്തിന് അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സർക്കാർ എന്തുനടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് വേണ്ടി ശുപാർശ ചെയ്ത കാര്യങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) ഇല്ല.

(സി) ധനകാര്യ കമ്മീഷൻ അവാർഡിൽ മാറ്റം വരുത്തുന്നതിന് സാദ്ധ്യതയില്ല. എന്നാൽ സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ ആനുകൂല്യങ്ങൾ നേടുന്നതിന് ശ്രമിക്കും.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly